# മിഠായി

## ഒന്നാം ക്ലാസുകാരുടെ
## സംയുക്ത ഡയറിക്കുറിപ്പുകൾ

2023 - 24

അരിക്കുളം എയുപി സ്കൂൾ



# ആമുഖം

2023 - 24 വർഷം ഒന്നാം ക്ലാസിൽ
നടപ്പിലാക്കിയ ഒരു ആശയമാണ്
സംയുക്ത ഡയറി . ഓരോ
ദിവസത്തെയും കാര്യങ്ങൾ ഓർത്തു
പറയാനും അതിൽ മനസ്സിൽ തങ്ങി
നിൽക്കുന്നവ എഴുതാനും ചിത്രം
വരയ്ക്കാനും കുട്ടികളെ ഏറെ
സഹായിക്കുന്ന ഒരു പ്രവർത്തനമാണ്
സംയുക്ത ഡയറി എഴുത്ത്.
രക്ഷിതാവും കുട്ടിയും
ചേർന്നെഴുതുന്നു എന്നതിനാൽ
ഏറെ താൽപര്യമുണ്ടാക്കാനും
അക്ഷരങ്ങളും ചിഹ്നങ്ങളും
സ്വായത്തമാക്കാനും ഈ
ഡയറിയെഴുത്ത് സഹായിക്കുന്നു.
തുടക്കത്തിൽ ഏറെ
ആശങ്കകളുണ്ടായിരുന്നെങ്കിലും
ഒരുപാട് സഹായങ്ങൾ വേണ്ടി
വന്നെങ്കിലും ഇന്ന് കുട്ടികൾ സ്വയം
ഡയറിക്കുറിപ്പുകൾ തയ്യാറാക്കാൻ
പ്രാപ്തരായിരിക്കുന്നു.
വായനയിലും എഴുത്തിലും
കുട്ടികൾ കൈവരിച്ച
പുരോഗതിയ്ക്ക് സംയുക്ത ഡയറി
വഹിച്ച പങ്ക് ഏറെ വലുതാണ്.

അരിക്കുളം യു പി സ്കൂളിലെ
പ്രിയപ്പെട്ടമക്കളെ , എഴുത്തും
വായനയും നമ്മളിൽ നിന്ന് അന്യം
നിൽക്കുന്ന ഈ കാലഘട്ടത്തിൽ
എല്ലാ മക്കൾക്കും ഭാവിയിൽ
നല്ല വായനക്കാരായും
എഴുത്തുകാരായും
സാമൂഹ്യബോധമുള്ളവരായും
സമൂഹത്തിനെ
സ്നേഹിക്കുന്നവരായും
നല്ല പൗരനായും മാറാൻ
കഴിയട്ടെ . ഈ ഡയറിക്കുറിപ്പ്
അതിനൊരു തുടക്കമാകട്ടെ
ആശംസകൾ .



**രതീഷ് ഇ.പി**
**പി.ടി.എ പ്രസിഡണ്ട്**

---

സംയുക്ത ഡയറി എന്ന ആശയം
അരിക്കുളം എയുപി സ്കൂളിലെ
കുഞ്ഞുങ്ങൾക്ക് ഏറെ പ്രയോജനം
ചെയ്തു എന്നറിയുന്നതിൽ
സന്തോഷം . സചിത്ര
സംയുക്ത ഡയറിക്കുറിപ്പുകൾ
തയ്യാറാക്കുന്നതിലൂടെ
കുഞ്ഞുങ്ങളുടെ ഭാഷാജ്ഞാനവും
ഭാവനയും വളരുമെന്നതിന്റെ
തെളിവാണ് ഈ ഡയറിക്കുറിപ്പുകൾ
കുഞ്ഞനുഭവങ്ങളും
ഭാവനകളും ഇതൾ വിരിയുന്ന
ഈ സംയുക്ത ഡയറിപ്പതിപ്പിന്
എല്ലാവിധ ആശംസകളും ....



**എം. ശ്രീജയ**
**ഹെഡ്മിസ്ട്രസ്**

2023 - 24 അധ്യയന വർഷം
ജൂലായ് ആദ്യവാരം മുതൽ ഒന്നാം
ക്ലാസിലെ കൂട്ടുകാർ സംയുക്ത
ഡയറി എഴുതി തുടങ്ങി.

ആദ്യനാളുകളിൽ അമ്മമാരുടെ
ഒരുപാട് സഹായം വേണ്ടി വന്നു
കുഞ്ഞുമക്കൾക്ക് എഴുതാൻ.
എന്നാൽ ഇന്ന് അവർ സ്വയം
എഴുതുന്നത് കാണുമ്പോൾ
ഏറെ സന്തോഷം.
ദൈനംദിന വിശേഷങ്ങളും
സന്തോഷങ്ങളും പരിഭവങ്ങളും
അക്ഷരങ്ങളിലേക്ക് പകർന്ന്
കുഞ്ഞുമക്കൾ മനോഹരമാക്കിയ
ഡയറിക്കുറിപ്പുകൾ .....

ഇതാ ഈ മിഠായി മധുരം ഏവർക്കും
നുണയാനായി ........അക്ഷര
മധുരം നുണഞ്ഞു തുടങ്ങിയ നാൾ
മുതൽ അമ്മമാരോടൊപ്പം എന്റെ
കുഞ്ഞുമക്കൾ എഴുതിത്തുടങ്ങിയ
ഡയറിത്താളുകളിൽ ഒന്ന് നിങ്ങൾക്കു
മുന്നിൽ തുറന്നിടുകയാണ് ..ഏവരും
ഈ കുഞ്ഞെഴുത്തുകാരെ
പ്രോത്സാഹിപ്പിക്കുമെന്ന



പ്രതീക്ഷയോടെ....

ക്ലാസ് ടീച്ചർ
ഫെബിന

പഠനം
ആനന്ദകരമാക്കാനും ,
ആസ്വാദ്യകരമാക്കാനും
കൊച്ചു കുട്ടികളിൽ
ആത്മവിശ്വാസം
വളർത്താനും
സംയുക്ത ഡയറി ഏറെ
സഹായകരമായി. ഈ
കുഞ്ഞെഴുത്തുകൾ
നാളെയുടെ താളുകളിൽ
മാറ്റത്തിന്റെ തെളിവായി
മാറും എന്നതിൽ
സംശയമില്ല. എല്ലാവിധ
ആശംസകളും നേരുന്നു.



**ലിൻസി .ഇ**
ശ്രീലക്ഷ്മിയുടെ രക്ഷിതാവ്



കുഞ്ഞു മനസിലെ കുഞ്ഞു
കുഞ്ഞു കാര്യങ്ങൾ
എഴുതിപതിപ്പിച്ച സംയുക്ത
ഡയറിയിലെ എല്ലാ കൊച്ചു
കൂട്ടുകാർക്കും എന്റെ
എല്ലാവിധ ആശംസകളും ..

**ജിജി മോൾ**
ഗോവിന്ദ് കൃഷ്ണയുടെ
രക്ഷിതാവ്

കുട്ടികൾക്ക് എഴുതാനും വായിക്കാനും
അതിലുപരി വാക്യങ്ങൾ പറഞ്ഞുകൊണ്ട്
എഴുതാനും സഹായകമാവുന്ന ഒന്നാണ്
ഡയറി എഴുതൽ . സംയുക്ത ഡയറി
എന്ന പുതിയ ആശയം മക്കൾക്ക് വളരെ
സഹായകരമാണ്.

രക്ഷിതാവും കുട്ടിയും എഴുതുന്ന സംയുക്ത
ഡയറി എന്റെ മകൾക്ക് വളരെ ഉപകാരമായി.
ഒന്നാം ക്ലാസ് തുടങ്ങുമ്പോൾ അവൾക്ക്
അക്ഷരങ്ങളും ചിഹ്നങ്ങളും അറിയില്ലായിരുന്നു
ഇപ്പോൾ അവൾക്ക് നല്ല മാറ്റമുണ്ട് ഇതിനു
സഹായിച്ച ക്ലാസ് ടീച്ചർ ഫെബിന ടീച്ചർക്കും
പ്രധാന അദ്ധ്യാപിക ശ്രീജയ ടീച്ചർക്കും
നന്ദി അറിയിക്കുന്നതോടൊപ്പം ഈ
സംയുക്ത ഡയറി പ്രസിദ്ധീകരണത്തിന്
എല്ലാവിധ ആശംസകളും ....



**ഷംന**

നിസ്ഫയുടെ രക്ഷിതാവ്



അക്ഷര ലോകത്തേക്ക്
പിച്ച വെച്ച് വന്ന
പിഞ്ചോമനകൾ
തയ്യാറാക്കിയ സംയുക്ത
ഡയറി പതിപ്പിനും
ഡയറി എഴുതാൻ
സഹായിച്ച എല്ലാ
രക്ഷിതാക്കൾക്കും
അതിലുപരി
പ്രിയ ടീച്ചർക്കും
ഹൃദയത്തിന്റെ
ഭാഷയിൽ ആശംസകൾ
അർപ്പിക്കുന്നു...

**ഷഫ്വാന**

മുഹമ്മദ് യാസിയുടെ രക്ഷിതാവ്

അക്ഷര ലോകത്തേക്ക് പിച്ചവെച്ചു
വന്ന പിഞ്ചോമന മക്കൾക്ക് സംയുക്ത
ഡയറി എഴുതുന്നതിലൂടെ നല്ലവണ്ണം
എഴുതാനും വായിക്കാനും കഴിയുന്നു.
അറിയാത്ത അക്ഷരങ്ങൾ
കണ്ടെത്തി എഴുതാനും
ശ്രമിക്കുന്നു .പഠന
പ്രവർത്തനത്തിൽ ഇങ്ങനെ
ഒരു സംയുക്ത ഡയറി
ഉൾപ്പെടുത്തിയത് നല്ല കാര്യമാണ്
ഡയറി എഴുതുന്ന കുഞ്ഞു
മക്കൾക്കും അതിനായി
പ്രോത്സാഹിപ്പിക്കുന്ന ടീച്ചർക്കും
രക്ഷിതാക്കൾക്കും എല്ലാവിധ
ആശംസകളും അർപ്പിക്കുന്നു.



**മർവ**
ആയിഷ മെഹസയുടെ രക്ഷിതാവ്

അക്ഷരം പഠിച്ചു തുടങ്ങുന്ന
നമ്മുടെ ഒന്നാം ക്ലാസ്സിലെ
മക്കൾ കഴിഞ്ഞ ജൂലായ് മാസം
മുതൽ അവരുടെ പ്രിയപ്പെട്ട
ഫെബിന ടീച്ചറുടെയും
രക്ഷിതാക്കളുടെയും
സഹായത്തോടെ എഴുതി
തുടങ്ങിയ സംയുക്ത ഡയറി
ഈ ജനുവരി മാസമെത്തി
നിൽക്കുമ്പോൾ അവർക്കു
സ്വയം എഴുതാൻ
കഴിയുന്നു എന്നത് ഏറെ
അഭിമാനകരമാണ് .
എന്റെ ആശംസകൾ .



**ഹസീന**
യുംന ഫാത്തിമയുടെ
രക്ഷിതാവ്




5.11.23

ഇന്ന് ടീച്ചർ ഒരു ഗെയിം കളിപ്പിച്ചു. ഓരോ ബെഞ്ചിനും ഓരോന്ന് ആയിരുന്നു കൊടുത്തത്. രണ്ട് കളി കളിപ്പിച്ചു.
ടീച്ചർ ഒരു പേപ്പർ തന്നിട്ട് ഒന്നു മുതൽ നൂറ് വരെയുള്ള അക്കങ്ങൾ തന്നിട്ട് ഒരു സാധനം തരും അത് ടീച്ചർ പറയുന്ന നമ്പറിൽ വെച്ച് കൊടുക്കണം.അങ്ങനെ എല്ലാവരും ചെയ്തു. എന്റെ ബെഞ്ച് ഫസ്റ്റ്



അനന്തിക



12.1.24

എന്റെ വീട്ടിൽ ഇന്നലെ
ഭംഗിയുള്ള ഒരു
റോസാപ്പൂവ് വിരിഞ്ഞു.



ഫാത്തിമ അസ്‌വ




02.8.23

ഇന്ന് സ്കൂളിൽ നിന്നും മദ്രസയിൽ നിന്നും മിഠായി കിട്ടി. എന്റെ വീട്ടിൽ മുത്തു വന്നു. ഞങ്ങൾക്ക് പലഹാരങ്ങൾ കൊണ്ടു വന്നു. പിന്നെ ഞാൻ പായസം കുടിച്ചു. രാത്രി പൊറോട്ടയും ചിക്കൻ കറിയും കഴിച്ചു.



**ഫാത്തിമ**




27-12-2023

27.12.23

ഇന്ന് രാവിലെ നല്ല കാറ്റ് ആയിരുന്നു.
കണ്ടപ്പോൾ എനിക്ക് പേടിയായി.
ഓലകൾ തെങ്ങിൽ നിന്ന്
പറന്നുവീണു. കുറച്ച് കഴിഞ്ഞപ്പോൾ
കാറ്റ് നിന്നു. ഇന്ന് എന്റെ വീട്ടിൽ
ഒരു പൂച്ച വന്നു .കറുപ്പിൽ വെളുത്ത
പുള്ളികളുള്ള പൂച്ചയായിരുന്നു.
കഴുത്തിൽ ഒരു ബെൽറ്റ്
ഉണ്ടായിരുന്നു ഞാൻ അതിന്
ബിസ്ക്കറ്റ് കൊടുത്തു.
വൈകുന്നേരം വീട്ടിൽ ആഗി
മോൻ വന്നു.ഞങ്ങൾ കളിച്ചു.



ധാർമിക് ദേവ്




12.1.24

എന്നെ കാണാൻ ഇന്ന്
മാമിയും ആന്റിയും വന്നു.
അവർ പലഹാരങ്ങൾ
കൊണ്ടു വന്നു.



ഡെവിൻ




12.1.24

ഇന്ന് പൂത്തുമ്പി പത്ര
പ്രകാശനമായിരുന്നു.
ഉച്ചഭക്ഷണത്തിനു
ശേഷം വായന
മത്സരമായിരുന്നു. ഒന്നാം
സ്ഥാനം വർണികയ്ക്കും
അനന്തികയ്ക്കുമാണ്.
രണ്ടാം സ്ഥാനവും മൂന്നാം
സ്ഥാനവുമുണ്ടായിരുന്നു.



മുഹമ്മദ് അൽഹാൻ





1.12.23

ഇന്ന് ഞാനും എന്റെ
കൂട്ടുകാരും വീട്ടിൽ
ഇരുന്ന് കുറേ സിനിമകളും
കാർട്ടൂണുകളും കണ്ടു.
ഉച്ചയ്ക്ക് വെയിലു
കുറഞ്ഞതിനു
ശേഷം കളിച്ചു. നല്ല
ദിവസമായിരുന്നു.



**തൻമയ**



21.7.23

ഇന്ന് ഞാൻ പന്ത് കളിക്കുന്നത് കണ്ടു.



ആദിത്യൻ




21 .7.23

ഇന്ന് എന്റെ
പിറന്നാൾ
ആയിരുന്നു .എനിക്ക്
സന്തോഷമാണ്.
എന്റെ കൂട്ടുകാർക്ക്
ഞാൻ മിഠായി
കൊടുത്തു.




ആയിഷ ബതൂൽ




22.12.23

ഇന്ന് സ്കൂളിൽ ക്രിസ്മസ് പരിപാടി ആയിരുന്നു. ഞങ്ങൾ കേക്ക് മുറിച്ചു. ഞാൻ പുതിയ കുപ്പായമാണ് ഇട്ടത്. ക്രിസ്മസ് അപ്പൂപ്പൻ ഉണ്ടായിരുന്നു. അസ്മ ടീച്ചറായിരുന്നു ഉള്ളത് പരീക്ഷ കഴിഞ്ഞു .



ഫൈസ ഫാത്തിമ




24.10.23

ഇന്ന് ഞാൻ വീടിനടുത്തുള്ള വീട്ടിൽ കളിക്കാൻ പോയി.



നിസ്ഫ അമിൻ




06.01.24

ഇന്ന് സ്കൂൾ മൂന്ന്
മണിക്ക് വിട്ടു .ഞാൻ
വീട്ടിൽ എത്തി. ഞങ്ങൾ
എല്ലാവരും രാത്രി കൂടൽ
വീട്ടിൽ പോയി .അവിടുന്ന്
കൂട്ടുകാരോടൊപ്പം കളിച്ചു.
വീട് നന്നായി അലങ്കരിച്ചിരുന്നു.
പിന്നെ ഞങ്ങൾ ഭക്ഷണം
കഴിച്ചു. പിന്നെ ഞങ്ങൾ
വയലിലൂടെ പോയി.



**യുംന ഫാത്തിമ**


6/1/24

6, 1.24

ഇന്ന് ശനിയാഴ്ച സ്കൂൾ
ഉണ്ടായിരുന്നു. സ്കൂൾ നേരത്തേ
വിട്ടു. അമ്മയും അപ്പയും ഞാനും
കൂടി കൊയിലാണ്ടിയിൽ ഫെസ്റ്റ്
കാണാൻ പോയി .അവിടെ
ഒരുപാട് കാഴ്ചകൾ കണ്ടു.
പലതരത്തിലുള്ള പൂച്ചകൾ,
പ്രാവുകൾ, കോഴികൾ ,
തത്തകൾ എന്നിവ
ഉണ്ടായിരുന്നു.പിന്നീട്
ഞങ്ങൾ ഷോപ്പിങ്ങിനു
പോയി.



ഗോവിന്ദ് കൃഷ്ണ




15.7.23

കളിക്കാൻ ആരുമില്ലാത്തത്
കൊണ്ട് ഞാൻ ടി.വി കണ്ടു.



മെൽവിൻ




11.1 24

ഇന്ന് ഞാൻ എന്റെ ഉപ്പയുടെ വീട്ടിൽ പോയപ്പോൾ അടുത്ത വീട്ടിലെ കുഞ്ഞിപ്പൂച്ചയെ കണ്ടു. ആ പൂച്ചയ്ക്ക് മൂന്ന് മക്കളുണ്ടായിരുന്നു. ഒന്ന് ഗ്രേ നിറത്തിലും ഒന്ന് കറുപ്പ് നിറത്തിലും ഒന്ന് വെളള നിറത്തിലുമായിരുന്നു.



ആയിഷ മെഹസ




10.10.23

ഇന്ന് വീട്ടിൽ മരം മുറിയ്ക്കാൻ വന്നു.
സ്കൂളിൽ വെച്ച് പച്ച പൂമ്പാറ്റയെ കണ്ടു.
ഞാൻ പത്രം വായിച്ചു.
സ്കൂൾ ഉച്ചയ്ക്ക്
വിട്ടു .സ്കൂളിലെ മുൻ അധ്യാപിക
മാധവി ടീച്ചർ മരിച്ചത് കൊണ്ട്
സ്കൂളിൽ മൗനാചരണം നടത്തി.
അച്ഛനും ചേച്ചിയും ഉണ്ടായിരുന്നു.
വീട്ടിൽ നല്ല മഴയുണ്ടായിരുന്നു
ഞാൻ കുളിച്ച് വിളക്ക് വെച്ചു.



വർണിക വിനോദ്





10.1.24

ഇന്ന് കളിക്കാൻ പോയി.
നല്ല രസമായിരുന്നു.



ശീതൾ


ജനുവരി 6

6.1.24

ഇന്ന് ഞാൻ
അനിയന്റെ കൂടെ
കളിച്ചു. ഭക്ഷണം
കഴിച്ചു. പഠിച്ചു. എന്റെ
ബോളിൽ കാറ്റ്
നിറയ്ക്കാൻ പോയി.
സുഖമില്ലാത്തതിനാൽ
മദ്രസയിൽ പോയില്ല.
സ്കൂളിൽ പോയില്ല.



മുഹമ്മദ് യാസീൻ



7.8.23

ഇന്ന് ടീച്ചർ ക്ലാസിൽ
ഓണവിശേഷം പാഠം പറഞ്ഞു
തന്നു. പൂക്കളുടെയും
മാബലിയുടെയും കഥ
പറഞ്ഞു തന്നു .



ആയിഷ ഫൈസ



13 .9.23

**ഇന്നലെ ഞാൻ വീട്ടിൽ കളിക്കുമ്പോൾ മയിൽ പീലി കിട്ടി. ഇന്ന് ഉമ്മ സ്കൂളിൽ വന്നു .മിഠായി വാങ്ങി തിന്നു.**



**മുഹമ്മദ് ഷിഹാദ്**



4.1.24



ഇന്ന് അച്ഛൻ ഐസ്ക്രീം വാങ്ങിത്തന്നു. സ്കൂളിൽ നിന്ന് കളിച്ചു. വൈകുന്നേരം എന്റെ വീടിനടുത്തുള്ള പറമ്പിൽ ജെ.സി.ബി മണ്ണ് നിരത്തുന്നത് കണ്ടു.

**ആൽവിൻ**




29.8.23

തിരുവോണമായതിനാൽ
എന്റെ വീട്ടിൽ മാവേലി വന്നു.



ആദിദേവ്




15.08.23

ഇന്ന് സ്വാതന്ത്ര്യദിനം
ആയിരുന്നു. റാലി ഉണ്ടായിരുന്നു.
മിഠായി കിട്ടി. പായസം കുടിച്ചു.



ഖദീജ അയ്മൻ




10.1.24

ഞാൻ ഇന്നലെ
നല്ല മനോഹരമായ
പൂമ്പാറ്റയെ കണ്ടു.
അതിന്റെ നിറം മഞ്ഞയും
കറുപ്പുമാണ്. അത്
പൂവിൽ പറന്നു നടന്നു.



അലോക്



22. 11.23

ഇന്ന് ഞാൻ സബ്ജില്ല
കലോത്സവം
കാണാൻ പോയി.
ചിന്നു ചെറിയമ്മയുടെ
കഥകളി
ഉണ്ടായിരുന്നു



ശ്രീലക്ഷ്മി











